**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7906 — **16.07.2014-** ൽ മറുപടിക്ക്

**പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ പുനരുദ്ധാരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. വാഹീദ് :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. റ്റി.എൻ. പ്രതാപൻ :<br>ശ്രീ. സി.പി. മുഹമ്മദ് : | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ പുനരുദ്ധരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബങ്കുകൾ പുനരുദ്ധരിക്കുന്നതിനായി സംസ്ഥാന പദ്ധതിയിൽ നിലവിൽ പദ്ധതിയുണ്ട്. അതോടൊപ്പം ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കുവാൻ സാധ്യതയുള്ള സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ അനുയോജ്യമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം ഈ വർഷവും ധനസഹായം നൽകി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിലൂടെ സംഘങ്ങളെ നഷ്ടത്തിൽ നിന്ന് കരകയറുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, തദ്വാരാ മെച്ചപ്പെട്ട സേവനം അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

| | | |
|---|---|---|
| സി) | എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് ഇവിടെനിന്ന് ലഭിക്കുന്നത് ; വിശദമാക്കുമോ ; | (സി) കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ മുഖേന കർഷകർക്കാവശ്യമായ കാർഷിക വായ്പകൾ, ന്യായവിലയ്ക്ക് വളം, വിത്ത്, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നത് കൂടാതെ കാർഷികോൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗൺ സംവിധാനം ലഭിക്കുന്നു. കാർഷികാവശ്യത്തിനായി സ്വർണ്ണപ്പണയ വായ്പ, മറ്റ് ഹ്രസ്വകാല പലിശ രഹിത കാർഷിക വായ്പ, സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സ്വാശ്രയ ഗ്രൂപ്പുകൾ മുഖേന കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുള്ള വായ്പ എന്നിവ നൽകി വരുന്നു. മാത്രമല്ല തിരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പുമായി സഹകരിച്ച് ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന പദ്ധതി പ്രകാരം ഓഹരി, വായ്പ, സബ്സിഡി ഇനങ്ങളിലായി ധനസഹായം അനുവദിക്കുന്നുണ്ട്. സംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം പുനരുദ്ധാരണത്തിനായി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ആയതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പുനരുദ്ധാരണത്തിന്റെ ഭാഗമായി കർഷകരെ പ്രോത്സാഹിപ്പിച്ച് കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പുമായി സഹകരിച്ച് ഫാർമേഴ്സ് സർവ്വീസ് സെന്ററുകളും അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**